പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 408 — 28.6.2011-ൽ മറുപടിക്ക്

## തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) സർക്കാരിന്റെ സഹായത്തോടുകൂടി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൺസോർഷ്യം രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ കോമൺ ഫെസിലിറ്റി സെൻറർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ 40% ശുദ്ധമായ കളിമണ്ണും ബാക്കി 60% കളിമൺ ഉല്പന്നങ്ങളുടെ വേസ്റ്റ് മെറ്റീരിയൽ ഉപയോഗിച്ചും ഉല്പന്നത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുവാൻ സാധിക്കും.<br>വ്യവസായ വകുപ്പിന്റെ 22.2.2010-ലെ ജി.ഒ (എം.എസ്) നം.36/2010/വ്യവ, 5.4.2010-ലെ ജി.ഒ (എം.എസ്) നം.83/2010/വ്യവ എന്നീ ഉത്തരവുകളിലെയും നിബന്ധനകൾ പ്രകാരം മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് കളിമൺ നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ അതാത് പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡൻറ്, അസിസ്റ്റൻറ് ഡയറക്ടർ (കൃഷി), ജിയോളജിസ്റ്റ് എന്നിവർ പരിശോധിച്ച് അസസ്മെൻറ് നടത്തി റിപ്പോർട്ട് അതാത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതും കളക്ടർമാർ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് കളിമണ്ണ് ഖനനത്തിനുള്ള അനുമതി നൽകുന്നതുമാണ്. കളിമൺ നിക്ഷേപങ്ങൾ ഉള്ള സ്ഥലങ്ങൾ അധികവും 2008-ലെ നെൽവയൽ |

| | |
|---|---|
| | നീർത്തട സംരക്ഷണത്തിൻെറ പരിധിയിൽ പെടുന്നതിനാലും 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 5(5) പ്രകാരം കളിമണ്ണിൻെറ ഖനനാനുമതി നൽകുന്നതിന് ജില്ലാ കളക്ടറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഖനനാനുമതി നൽകിവരുന്നുണ്ട്. |
| (ബി) തൃശ്ശൂർ ജില്ലയിൽ എത്ര ഓട് നിർമ്മാണ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്നും അറിയിക്കുമോ; | **(ബി)** തൃശ്ശൂർ ജില്ലയിൽ ഏകദേശം 120 ഓട് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 6000-ത്തോളം തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. |
| (സി) കഴിഞ്ഞ വർഷങ്ങളിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ പ്രസ്തുത ഫാക്ടറികൾക്ക് നഷ്ടമായിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) കഴിഞ്ഞ വർഷങ്ങളിൽ വർഷത്തിൽ ഏകദേശം 30 തൊഴിൽ ദിനങ്ങൾ പ്രസ്തുത ഫാക്ടറികൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഫാക്ടറികളിൽ മറ്റ് അനുബന്ധ വസ്തുക്കൾ നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ? | (ഡി) ഉണ്ട്, |

സെക്ഷൻ ഓഫീസർ